കൈക്കൊള്ളുകയും ആയത് നടപ്പിലാക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡിലെ സാമ്പത്തിക ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിനും സ്ഥാപനങ്ങളിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഉത്തരവായി വീഴ്ചവരുത്തിയ കൺസ്യൂമർഫെഡ് മുൻ മാനേജിംഗ് ഡയറക്ടർ ഡോ. റിജി ജി. നായരെയും ചീഫ് മാനേജർ ആർ. ജയകുമാറിനെയും വിജിലൻസ് സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ നിലവിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണത്തോടൊപ്പം ഫെഡറേഷന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 15 ജീവനക്കാരെക്കൂടി അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ യഥേഷ്ടം ലഭ്യമാക്കുന്നതിനുമുള്ള തുടർനടപടികൾ ഇന്നുചേരുന്ന കൺസ്യൂമർഫെഡ് ഭരണസമിതി യോഗം കൈക്കൊള്ളുന്നതാണ്. പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിന് സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്കും സഹകരണ സംഘം രജിസ്ട്രാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നുകൂടി താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങ് പറഞ്ഞ വിജിലൻസ് റെയ്ഡിനെ സംബന്ധിച്ച് ഇതുവരെ ഗവൺമെന്റിന് റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉത്തരവായി വീഴ്ച വരുത്തിയവർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; അവരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

2. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : സർ, പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേരളമൊട്ടാകെയും പ്രത്യേകിച്ച് ഇടുക്കി ജില്ലയിലും കനത്ത പേമാരിയിലും ശക്തമായ കാറ്റുമൂലവും വീടും കൃഷിയും നശിച്ച കർഷകർ വളരെയേറെ ദുരിതത്തിലാണ്. വാഴ, റബ്ബർ, തെങ്ങ്, കവുങ്ങ്, കൊക്കോ, ജാതി, കുരുമുളക്, കാപ്പി, കശുമാവ് തുടങ്ങിയ വിളകൾക്ക് നിലവിൽ നൽകിയിരുന്ന നഷ്ടപരിഹാരത്തുക വലിയ തോതിൽ വെട്ടിക്കുറച്ചിരിക്കുകയാണ്. ജി.ഒ.(എം.എസ്.)നം. 23/2012/സി.എം.ഡി. തീയതി 11-6-2012 പ്രകാരം പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഏകദേശം ന്യായമായ നിലയിലുള്ള നഷ്ടപരിഹാരം ലഭിച്ചിരുന്നു. ഒരു തെങ്ങിന് 700 രൂപയും വാഴയ്ക്ക് 100 രൂപയും റബ്ബറിന് 300 രൂപയും കവുങ്ങിന് 150 രൂപയും ലഭിച്ചിരുന്ന സ്ഥാനത്ത് പിന്നീട് വന്ന റവന്യൂ വകുപ്പിന്റെ ജി.ഒ.(എം.എസ്.)നം . 48/2012 തീയതി 21-1-2014, ജി.ഒ.(എം.എസ്.)നം.194/2012 തീയതി 20-5-2015-ലെ ഉത്തരവുകൾ വളരെ അവ്യക്തതയാണ് സൃഷ്ടിക്കുന്നത്. ഇപ്പോൾ ലഭിച്ചിരുന്ന തുക വളരെയേറെ കുറഞ്ഞിരിക്കുന്നു. ഉദാഹരണമായി, കുലച്ച വാഴയ്ക്ക് 100 രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 3 രൂപയാണ് ലഭിക്കുന്നത്. അതോടൊപ്പംതന്നെ ഒരു റബ്ബർ മരം പോയാൽ 300 രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് 40 രൂപയാണ് ലഭിക്കുന്നത്. ഒരു കവുങ്ങ് മറിഞ്ഞുപോയാൽ 150 രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് 20 രൂപയാണ് ലഭിക്കുന്നത്. ഈ നിരക്കിലാണ് കർഷകർക്ക് ഇന്ന് തുക ലഭിക്കുന്നത്. ഇന്ന് വളരെയധികം ദുരിതവും ബുദ്ധിമുട്ടും അനുഭവിക്കുന്നവർ കർഷകരാണ്. നിലവിലുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയെന്നുള്ള ചർച്ചകൾ നടക്കുന്ന സന്ദർഭത്തിലാണ് ഇടിത്തീപോലെ ഇത്തരമൊരു തീരുമാനമുണ്ടായിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ കർഷകവിരുദ്ധമായ നിലപാടുകളിലൂടെയാണ് ഇത് സംഭവിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് സംസ്ഥാന ഗവൺമെന്റ് എടുത്ത് ഈ കർഷകരെ സംരക്ഷിക്കണം. ഏത്തവാഴ തൈ വാങ്ങണമെങ്കിൽ 15 രൂപ നൽകണം. ആ നിലയിൽ എല്ലാ തരത്തിലും വലിയ ബുദ്ധിമുട്ടാണ് കർഷകർ നേരിടുന്നത്. വ്യാപകമായ കാറ്റുമൂലം ഒട്ടേറെ കൃഷിനാശവും ധാരാളം വീടുകൾ തകർന്നിരിക്കുകയുമാണ്. അവർക്ക് അടിയന്തരമായി സഹായം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. അതിനാവശ്യമായ നടപടി കൈക്കൊള്ളണമെന്നതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 11-6-2012-ൽ കൃഷിനാശം സംബന്ധിച്ച നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് ഒരുത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ ദുരന്ത നിവാരണ ഫണ്ട് വിനിയോഗം സംബന്ധിച്ചുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാട് ഈ സഹായം നഷ്ടപരിഹാരമല്ല, മറിച്ച് അടിയന്തരാശ്വാസ ധനസഹായം (immediate relief) നൽകൽ മാത്രമാണെന്നാണ്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലാകുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നാമമാത്രമായ സഹായം മാത്രമെ ലഭിക്കുന്നുള്ളൂ. കർഷകർക്ക് അതുയും തുക പര്യാപ്തമല്ല എന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെ സമീപനം. കേന്ദ്ര ഗവൺമെന്റിന്റെ റൂൾ അനുസരിച്ചാണെങ്കിൽ നഷ്ടപരിഹാരത്തിന്റെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കണമെന്നാണ്. പക്ഷെ ആ തുക നാമമാത്രമാണ്. ആയതിനാൽ കൃഷിവകുപ്പ് ഇക്കാര്യം പരിശോധിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഗവൺമെന്റ് ആ പ്രൊപ്പോസൽ എത്രയുംവേഗം പരിഗണിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്. അങ്ങനെ തീരുമാനമെടുക്കുമ്പോൾ കേന്ദ്ര നിബന്ധനകൾക്ക് വിരുദ്ധമായി വർദ്ധിപ്പിക്കുന്ന തുക മുഴുവനും സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ടിവരും. കേന്ദ്ര ഗവൺമെന്റ് വഹിക്കുന്ന 75% എന്നുപറഞ്ഞത് അവരുടെ മാനദണ്ഡത്തിന് അനുസരിച്ച് മാത്രമുള്ള തുകയാണ്. എന്തായാലും കർഷകർക്ക് കുറച്ചുകൂടി സഹായം ലഭിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. സംസ്ഥാന കൃഷികുപ്പ് അക്കാര്യം പരിശോധിച്ചുവരികയാണ്. എത്രയുംവേഗം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

3. എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

<u>ശ്രീ. കെ. രാജു</u> : സർ, നേരത്തെ ഈ വിഷയം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതാണ്. വനമേഖലയിലും തമിഴ് നാടിനോടുചേർന്ന മേഖലകളിലുമായി തമിഴ്നാട്ടിൽനിന്നുവന്ന് സ്ഥിരമായി താമസിക്കുന്ന തമിഴ് വംശജരായ ആളുകളും അതുപോലെതന്നെ സിലോണിൽ നിന്ന് ഇവിടത്തെ റീഹാബിലേറ്റഷൻ പ്ലാന്റേഷനിൽ ജോലിക്കായി മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും ശ്രീലങ്കൻ മുൻ പ്രധാനമന്ത്രി സിരിമാവോ ബണ്ഡാരനായകെയും തമ്മിലുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന് താമസിപ്പിച്ചിരിക്കുന്നവരടക്കമുള്ള ആയിരക്കണക്കിന് തമിഴ് കുടുംബങ്ങളുമുണ്ട്. അതിൽ ബഹുഭൂരിപക്ഷവും എസ്.സി. വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവർക്ക് മുമ്പ് എസ്.സി. സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു. ഭരണഘടനാപരമായി എസ്.സി. വിഭാഗത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കാത്തതുകൊണ്ട് ഇപ്പോൾ ഇവർക്ക് നിഷേധിക്കപ്പെടുകയാണ്. വിദ്യാഭ്യാസ